©
കേരള സർക്കാർ
Government of Kerala
2019

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 8<br>Vol. VIII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2019 ഫെബ്രുവരി 26<br>26th February 2019<br>1194 കുംഭം 14<br>14th Kumbham 1194<br>1940 ഫാൽഗുനം 7<br>7th Phalguna 1940 | നമ്പർ<br>No. 486 |


## കേരള സർക്കാർ

നിയമ (നിയമനിർമ്മാണം-ഇ) വകുപ്പ്

### വിജ്ഞാപനം

നമ്പർ 413/ലെഗ്. ഇ1/2019/നിയമം. *തിരുവനന്തപുരം, 2019 ഫെബ്രുവരി 26 / 1194 കുംഭം 14 / 1940 ഫാൽഗുനം 7.*

2019 ഫെബ്രുവരി 25-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ബി. ജി. ഹരീന്ദ്രനാഥ്,
*നിയമ സെക്രട്ടറി.*

സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിനാൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ചത്, 2019.

92/711/2019/S-11.

## 2019-ലെ 9-ാം നമ്പർ ഓർഡിനൻസ്

# 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

## 2011-ലെ കേരള പോലീസ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

## ഒരു

## ഓർഡിനൻസ്

പീഠിക.—2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2019-ലെ 6) 2019 ജനുവരി 8-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2019 ജനുവരി 25-ാം തീയതി ആരംഭിച്ച് 2019 ഫെബ്രുവരി 12-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡപ്രകാരം പ്രസ്തുത ഓർഡിനൻസിന് 2019 മാർച്ച് 8-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്നപക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും, താൻ സത്വര നടപടി എടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ഓർഡിനൻസിന് 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2019 ജനുവരി 8-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 2011-ലെ 8-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലയളവിൽ 2011-ലെ കേരള പോലീസ് ആക്റ്റിന് (2011-ലെ 8) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. 101-ാം വകുപ്പിന്റെ ഭേദഗതി.—പ്രധാന ആക്റ്റിലെ 101-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പ് വിട്ടുകളയേണ്ടതാണ്.

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ് (2019-ലെ 6) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

പി. സദാശിവം,

*ഗവർണ്ണർ.*

GOVERNMENT OF KERALA

**Law (Legislation-E) Department**

NOTIFICATION

No. 413/Leg.E1/2019/Law.

*tDated, Thiruvananthapuram,* *26th February, 2019*
*14th Kumbham, 1194*
*7th Phalguna, 1940.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Police (Amendment) Ordinance, 2019 (9 of 2019).

By order of the Governor,

B. G. HARINDRANATH,
*Law Secretary.*

[Translation in English of "2019-ലെ കേരള പോലീസ് (ഭേദഗതി) ഓർഡിനൻസ്" published under the authority of the Governor.]

## ORDINANCE No. 9 OF 2019

### THE KERALA POLICE (AMENDMENT) ORDINANCE, 2019

Promulgated by the Governor of Kerala in the Seventieth Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Police Act, 2011.*

*Preamble.*—WHEREAS, the Kerala Police (Amendment) Ordinance, 2019 (6 of 2019) was promulgated by the Governor of Kerala on the 8th day of January, 2019;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala during its session which commenced on the 25th day of January, 2019 and ended on the 12th day of February, 2019;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India, the said Ordinance will cease to operate on the 8th day of March, 2019;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session and the Governor of Kerala is satisfied that circumstances exist which render it ncessary for him to take immediate action;

92/711/2019/S-11.

Now, Therefore, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement.*—(1) This Ordinance may be called the Kerala Police (Amendment) Ordinance, 2019.

(2) It shall be deemed to have come into force on the 8th day of January, 2019.

2. *Act 8 of 2011 to be temporarily amended.*—During the period of operation of this Ordinance, the Kerala Police Act, 2011 (8 of 2011) (hereinafter referred to as the principal Act) shall have effect subject to the amendment specified in section 3.

3. *Amendment of section 101.*—In the principal Act, sub-section (6) of section 101 shall be omitted.

4. *Repeal and saving.*—(1) The Kerala Police (Amendment) Ordinance, 2019 (6 of 2019) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

P. SATHASIVAM,
*GOVERNOR.*